# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 09 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### സിവിൽ എക്സൈസ് ഓഫീസർമാരുടെ പാസിങ് ഔട്ട് പരേഡ് നടത്തി
## എക്സൈസ് സേനക്ക് തോക്ക് പരിശീലനം നൽകും: മന്ത്രി ടി.പി. രാമകൃഷ്ണൻ

ലഹരി കടത്തുകാർ ആയുധങ്ങൾ പ്രയോഗിച്ച് എക്സൈസ് സേനയെ നേരിടുന്നത് കണക്കിലെടുത്ത് സംസ്ഥാനത്തെ മുഴുവൻ എക്സൈസ് സേനാംഗങ്ങൾക്കും തോക്ക് ഉപയോഗിക്കുന്നതിൽ പരിശീലനം നൽകാൻ സർക്കാർ തീരുമാനിച്ചതായി എക്സൈസ് വകുപ്പ് മന്ത്രി ടി.പി. രാമകൃഷ്ണൻ പറഞ്ഞു. തൃശൂരിലെ സംസ്ഥാന എക്സൈസ് അക്കാദമി ആൻഡ് റിസർച്ച് സെൻററിൽ പരിശീലനം പൂർത്തിയാക്കിയ 21ാമത് സിവിൽ എക്സൈസ് ഓഫീസർമാരുടെ പാസിങ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് വേരാഴ്ത്താൻ ശ്രമിക്കുന്ന ലഹരി മാഫിയക്കെതിരെ കർശന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പുതിയ എക്സൈസ് ഓഫീസുകൾ ആരംഭിക്കുകയും മൂന്നൂറിലധികം തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ആദിവാസി മേഖലകളിൽ എൻഫോഴ്മെൻറും ബോധവത്കരണവും ശക്തമാക്കുന്നതിനായി ഇടുക്കി ദേവികുളത്തും മലപ്പുറം നിലമ്പൂരിലും ജനമൈത്രി സർക്കിൾ ഓഫീസ് ആരംഭിച്ചു. പട്ടികവർഗ മേഖലകളിലെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും വനാതിർത്തികളിലും മറ്റും എൻഫോഴ്സ്മെൻറ് ശക്തമാക്കുന്നതിനുമായി 25 പട്ടികവർഗ വിഭാഗം യുവതീ യുവാക്കൾക്ക് അധിക തസ്തിക സൃഷ്ടിച്ച് നിയമനം നൽകി. വനിതകൾ ഉൾപ്പെടെ കൂടുതൽ പേരെ സിവിൽ എക്സൈസ് ഓഫീസർമാരായി റിക്രൂട്ട് ചെയ്ത് വനിതകളുടെ മാത്രം പട്രോളിങ് സ്ക്വാഡ് രൂപീകരിച്ചു. പാലക്കാട്, എറണാകുളം ജില്ലകളിൽ പ്രവർത്തന സജ്ജമായ ഡിജിറ്റൽ സംവിധാനം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഉടൻ നിലവിൽ വരും. ചെക്ക് പോസ്റ്റുകൾ കൂടുതൽ ശക്തിപ്പെടുത്താനും നടപടിയെടുത്തു വരികയാണ്. ലഹരി വേട്ട ശക്തിപ്പെടുത്തുന്നതിന് മൂന്ന് സ്പെഷൽ സ്ക്വാഡുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഇതിനുപുറമെ എക്സൈസ് കമീഷണറുടെ നിയന്ത്രണത്തിൽ ഒരു പ്രത്യേക സ്ക്വാഡിന് കൂടി രൂപം നൽകിയിട്ടുണ്ട്.

സ്കൂൾ വിദ്യാർഥികളെയും യുവാക്കളെയും ലക്ഷ്യമിട്ട് ലഹരിവിതരണക്കാരുടെ വൻ ശൃംഖല തന്നെ പ്രവർത്തിക്കുന്നുണ്ട്. വൻ തോതിൽ മയക്കുമരുന്ന് പിടിച്ചെടുക്കുന്നുണ്ടെങ്കിലും നിരവധി പേർ ലഹരി വിതരണക്കാരുടെ വലയിൽപ്പെടുന്നു. വിദ്യാലയ പരിസരങ്ങളും ഹോസ്റ്റലുകളും ചുറ്റിപ്പറ്റി ലഹരി പദാർഥങ്ങൾ വിതരണം ചെയ്യുന്നവർക്കെതിരെ കടുത്ത നടപടി ഉറപ്പുവരുത്തും. ഇക്കാര്യത്തിൽ അധ്യാപകരുടെയും രക്ഷിതാക്കളുടെയും പി.ടി.എയുടെയും വിദ്യാലയ പരിസരത്തെ ജനങ്ങളുടെയും ജാഗ്രതയോടെയുള്ള ഇടപെടലും ഉണ്ടാവണം. ലഹരി മാഫിയ അടക്കമുള്ള സാമൂഹ്യവിരുദ്ധ ശക്തികളെ സർക്കാർ നിർദാക്ഷിണ്യം അടിച്ചമർത്തും.

കഴിഞ്ഞ മൂന്നു വർഷത്തിനിടെ 19,000ഓളം മയക്കുമരുന്ന് കേസുകളാണ് രജിസ്റ്റർ ചെയ്തത്. എഴുനൂറോളം കോടി രൂപയുടെ മയക്കുമരുന്നുകൾ പിടിച്ചെടുത്തു. 53,000 അബ്കാരി കേസുകളെടുത്തു. പുകയില ഉൽപ്പന്നങ്ങളുടെ അനധികൃത ഉപയോഗവും വിപണനവുമായി ബന്ധപ്പെട്ട് 2.15 ലക്ഷത്തോളം കേസുകളും രജിസ്റ്റർ ചെയ്തു. എൻഫോഴ്സ്മെൻറ്

ശക്തമാക്കിയതിനൊപ്പം 'വിമുക്തി'യുടെ നേതൃത്വത്തിൽ ലഹരിവർജന ബോധവത്കരണ പ്രവർത്തനങ്ങൾക്കും വകുപ്പ് നേതൃത്വം നൽകുന്നു.

തൃശൂർ എക്സൈസ് അക്കാദമി ആധുനിക സൗകര്യങ്ങളോടെ ദേശീയ നിലവാരത്തിലുള്ള പരിശീലന കേന്ദ്രമാക്കി ഉയർത്തുമെന്നും വിദഗ്ധ പരിശീലനം ലഭിക്കാത്ത ഒരു ഉദ്യോഗസ്ഥനും വകുപ്പിൽ ഉണ്ടാവരുതെന്നാണ് സർക്കാർ നിലപാടെന്നും മന്ത്രി പറഞ്ഞു.

സേനയുടെ സല്യൂട്ട് സ്വീകരിച്ച ശേഷം മന്ത്രി പരേഡ് പരിശോധിച്ചു. മികച്ച ഇൻഡോർ ട്രെയിനിയും ആൾറൗണ്ടറുമായ എ.എം. അഖിൽ, മികച്ച ഔട്ട് ഡോർ ട്രെയിനി എം. അരുൺ, മികച്ച ഷോട്ട് ട്രെയിനി പി.എസ് പ്രിഷി എന്നിവർക്ക് മന്ത്രി ട്രോഫി നൽകി.

51 സിവിൽ എക്സൈസ് ഓഫീസർമാരാണ് പരിശീലനം പൂർത്തിയാക്കി സേനയുടെ ഭാഗമായത്. ഇവരിൽ 22 ബിരുദധാരികളും ഏഴ് ബിരുദാനന്തര ബിരുദധാരികളും നാല് വീതം ബി.ടെക്കുകാരും ബി.എഡുകാരുമുണ്ട്. കൂടാതെ നെറ്റ്, സെറ്റ്, എം.സി.എ, എം.ബി.എ, ഡിപ്ലോമ യോഗ്യതയുള്ളവരുമുണ്ട്.

എക്സൈസ് കമീഷണർ എസ്. ആനന്ദകൃഷ്ണൻ, അഡീഷനൽ എക്സൈസ് കമീഷണർ (എൻഫോഴ്സ്മെൻറ്) സാം ക്രിസ്റ്റി ഡാനിയൽ, അക്കാദമി പ്രിൻസിപ്പൽ ജോയിൻറ് എക്സൈസ് കമീഷണർ പി.വി. മുരളി കുമാർ എന്നിവരും അഭിവാദ്യം സ്വീകരിച്ചു. തൃശൂർ കോർപറേഷൻ മേയർ അജിത വിജയൻ, എക്സൈസ് ഓഫീസർമാർ, ട്രെയിനികളുടെ ബന്ധുക്കൾ തുടങ്ങിയവർ സംബന്ധിച്ചു.

## വട്ടമാവ് മിച്ചഭൂമിയിൽ
## കുടിവെള്ള പദ്ധതി യാഥാർഥ്യമായി

കടവല്ലൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച വട്ടമാവ് മിച്ചഭൂമി കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായി. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിഎ.സി. മൊയ്തീൻ കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. എട്ടു ലക്ഷം രൂപ ചെലവഴിച്ചാണ് നിരവധി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ള പദ്ധതി പഞ്ചായത്ത് പൂർത്തീകരിച്ചത്. ഇതോടെ ഈ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് ആശ്വാസമായി. പഞ്ചായത്ത് പ്രസിഡന്റ് യു പി ശോഭന അധ്യക്ഷയായി. ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് അംഗം പ്രഭ ടീച്ചർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ കെ.വി രാജൻ, ഗിരിജ രാജൻ എന്നിവർ സംസാരിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. ഇ. സുധീർ സ്വാഗതവും കൺവീനർ എ പ്രദീപ് നന്ദിയും പറഞ്ഞു.

**തുടരും**